(എഫ്) കുട്ടികളുടെ മെമ്പർഷിപ്പ് ഫീസിനെപ്പറ്റി തീരുമാനമൊന്നും കൈക്കൊണ്ടിട്ടില്ല.

(ജി) നടപടി സ്വീകരിച്ചുവരികയാണ്.

77 (1621) പബ്ലിക് ലൈബ്രറിയോടനുബന്ധിച്ച് ചിൽഡ്രൻസ് ലൈബ്രറി

ശ്രീ. ആന്റണി രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം പബ്ലിക് ലൈബ്രറിയോടനുബന്ധിച്ച് നിർമ്മിക്കുന്ന ചിൽഡ്രൻസ് ലൈബ്രറിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഏതുഘട്ടം വരെയായി എന്ന് വെളിപ്പെടുത്തുമോ;

(ബി) ചിൽഡ്രൻസ് ലൈബ്രറിയുടെ നിർമ്മാണത്തിനുവേണ്ടി ഇതുവരെ എന്തു തുക ചെലവഴിച്ചിട്ടുണ്ട്;

(സി) കുട്ടികളിൽ വായനാശീലം വളർത്തുന്നതിനായി എന്തെല്ലാം കാര്യങ്ങളാണ് ലൈബ്രറിയിൽ ഒരുക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത ലൈബ്രറി എന്നു മുതൽ പ്രവർത്തനം ആരംഭിപ്പിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ചിൽഡ്രൻസ് ലൈബ്രറിയുടെ കെട്ടിട നിർമ്മാണം ഏകദേശം അവസാനഘട്ടത്തിലാണ്.

(ബി) 1.6.99 വരെ 79,86,000/- രൂപ ചെലവഴിച്ചിട്ടുണ്ട്.

(സി) കുട്ടികളുടെ വായനാശീലം വളർത്തുന്നതിനായി വേണ്ടിവരുന്ന എല്ലാ ആധുനിക ഉപാധികളും സർക്കാരിന്റെ സാമ്പത്തിക സ്ഥിതിക്കു വിധേയമായി ഈ ലൈബ്രറിയിൽ ഒരുക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്.

(ഡി) ലൈബ്രറി കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തിയായാലുടൻതന്നെ പ്രവർത്തനം ആരംഭിക്കുന്നതാണ്.

78 (1622) ലൈബ്രറി പുസ്തകങ്ങൾ വാങ്ങിയതിലെ ക്രമക്കേട്

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലിക്കട്ട് സർവ്വകലാശാല ലൈബ്രറിയിലേയ്ക്ക് പുസ്തകങ്ങൾ വാങ്ങിക്കുന്നത് വ്യക്തമായ നിയമങ്ങൾക്കനുസൃതമായിട്ടാണോ;

(ബി) സർക്കാർ ചട്ടപ്രകാരംമാത്രം പുസ്തകങ്ങൾ വാങ്ങിയാൽ മതിയെന്ന് സിൻഡിക്കേറ്റ് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ എന്ന്;

(സി) ഇപ്രകാരമൊരു തീരുമാനം എടുക്കുന്നതിനുണ്ടായ കാരണം എന്താണ്; വിശദാംശം വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly